പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4207 — 25.06.2014 -ലെ മറുപടിക്ക്.

# ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിലുള്ള രോഗികൾക്ക് ആശുപത്രിയിലില്ലാത്ത മരുന്നുകൾ പുറത്തുനിന്നും വാങ്ങി നല്കിയ ഇനത്തിൽ ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനികൾ നല്കാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; | (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മരുന്നുകൾക്ക് പ്രത്യേകമായല്ല പണം നല്കുന്നത്. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമല്ല എങ്കിൽ മേൽ മരുന്നുകൾ പുറത്തുനിന്നും വരുത്തി രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ആശുപത്രികൾ തന്നെ ഒരുക്കേണ്ടതാണ്. ഇതിനാവശ്യമായ പണം ഇൻഷ്വറൻസ് കമ്പനി ചികിത്സാ ഇനത്തിൽ ആശുപത്രികൾക്ക് നൽകുന്ന ക്ലയിം തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ് . |
| (ബി) പ്രസ്തുത തുക പൂർണ്ണമായും നല്കാനാവില്ലെന്ന് ഇൻഷ്വറൻസ് കമ്പനി പറയുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ആരോഗ്യ ഇൻഷ്വറൻസിന്റെ ഭാഗമായി ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നല്കേണ്ട വിഹിതം നല്കാതെയുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ക്ലയിം പരിശോധനയ്ക്ക് ശേഷമാണ് ഇൻഷ്വറൻസ് കമ്പനി പണം തിരികെ നൽകുന്നത്. ആശുപത്രി സമർപ്പിക്കുന്ന ക്ലയിമുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ തെറ്റാവുകയോ, പദ്ധതി നടത്തിപ്പിൽ പാലിക്കേണ്ട നടപടികൾ പാലിക്കാതെ വരുകയോ ആണെങ്കിൽ ഈ തുക ഇൻഷ്വറൻസ് കമ്പനി നിരസിക്കുന്നതാണ്. ഗുണഭോക്താക്കളുടെ കാർഡ് പുതുക്കൽ/പുതുതായി കാർഡ് നൽകുന്നതിനുള്ള ഇൻവോയിസ് സമർപ്പിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായാണ് ഇൻഷ്വറൻസ് കമ്പനിക്കുള്ള പ്രീമിയം തുക സർക്കാർ നൽകുന്നത്. ഇതിൽ ആദ്യ ഗഡുവായ 34.68 കോടി രൂപ 18.06.2014 ന് നൽകി കഴിഞ്ഞിട്ടുണ്ട്. |
| (സി) ആശുപത്രികളിൽ നിന്നും ഇൻഷ്വറൻസുള്ള രോഗികൾക്ക് മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ